LIBRARY ARCHIVES Kerala Legislative Assembly

## എമർജിംഗ് കേരള പദ്ധതി

280 (629) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരള പദ്ധതി പ്രകാരം ഏതൊക്കെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും ഇൻവെസ്റ്റ്മെന്റ് എത്രയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) എമർജിംഗ് കേരള നിക്ഷേപ സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതികളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ മാത്രമുള്ള 19 പദ്ധതികളിൽ രണ്ടു പദ്ധതികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി 17 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

281 (630) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് ; നിർമ്മാണപ്രവർത്തനങ്ങളിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ;

(സി) സ്മാർട്ട് സിറ്റിയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 -ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.